"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ ശിശു വികസന വകുപ്പ്- ഐസിഡിഎസ്-സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതി-എരുമേലി ഗ്രാമ പഞ്ചായത്തിലെ സെന്റർ നം.87നെ പദ്ധതിയിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ ശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.137/2024/WCDD തീയതി,തിരുവനന്തപുരം, 05-04-2024

---

പരാമർശം:-

1. സ.ഉ(സാധാ) നം. 173/2021/സാനീവ തീയതി 18.02.2021
2. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 24.02.2021 ലെ ICDS/A8-5676/2020 നമ്പർ നടപടിക്രമം
3. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 30.01.2024 ലെ DWCD/576/2022-ICDS A8 നമ്പർ കത്ത്

**ഉത്തരവ്**

2020-21 വർഷത്തിൽ 4235-02-102-96(P) ശീർഷകത്തിൽ നിന്നും വകുപ്പ് വിഹിതമായി 9 കോടി വിനിയോഗിച്ച് 48 സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അങ്കണവാടികളുടെ നിർമ്മാണ ചുമതല തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നൽകി പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ഐസിഡിഎസ് പ്രോജക്ടിലെ എരുമേലി ഗ്രാമപഞ്ചായത്തിലെ 87-ാം നമ്പർ അങ്കണവാടിയ്ക്ക് വകുപ്പ് വിഹിതമായി 17,00,000/- രൂപയും, എരുമേലി ഗ്രാമപഞ്ചായത്ത് വിഹിതമായി 10,64,952/- രൂപയും ചേർത്ത് ആകെ 27,64,952/- രൂപ വിനിയോഗിച്ച് സ്മാർട്ട് അങ്കണവാടിയുടെ 3 സെന്റ് പ്ലാൻ പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിരുന്നു.

(2) പ്രസ്തുത അങ്കണവാടിയ്ക്ക് ലഭ്യമായ സ്ഥലം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും റവന്യൂ രേഖകൾ പ്രകാരം സ്വകാര്യ വ്യക്തിയുടേതാണെന്നും, ടി വിവരം കോട്ടയം ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുകയും, 40 വർഷമായി അങ്കണവാടി പ്രവർത്തിച്ചിരുന്ന സ്ഥലത്തിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും, ടി പ്രശ്നം

പരിഹരിക്കുന്നതിനും ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചിരുന്നെങ്കിലും നാളിതുവരെയും പ്രശ്നം പരിഹരിക്കുവാൻ സാധിക്കാത്തതിനാലും, ടി അങ്കണവാടിയ്ക്ക് മറ്റു സ്ഥലമൊന്നും ടി പ്രദേശത്ത് ലഭ്യമല്ലാത്തതിനാലും ടി അങ്കണവാടിയെ സ്മാർട്ട് അങ്കണവാടി പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതിന് എരുമേലി ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അങ്കണവാടിയെ പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതിനായി കോട്ടയം പ്രോഗ്രാം ഓഫീസർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ഐസിഡിഎസ് പ്രോജക്ടിലെ എരുമേലി ഗ്രാമപഞ്ചായത്തിലെ 87-ാം നമ്പർ അങ്കണവാടിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി നാളിതുവരെയും സ്ഥലം ലഭ്യമാകാത്തതിനാൽ ടി അങ്കണവാടിയെ സ്മാർട്ട് അങ്കണവാടി പദ്ധതിയിൽ നിന്നും ഒഴിവാക്കി ഉത്തരവാകണമെന്ന് പരാമർശം (3) പ്രകാരം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വകുപ്പ് വിഹിതവും LSGD വിഹിതവും ഉപയോഗിച്ച് സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി പരാമർശം (1) പ്രകാരം ഭരണാമതി നൽകിയിരുന്ന കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ഐസിഡിഎസ് പ്രോജക്ടിലെ എരുമേലി ഗ്രാമപഞ്ചായത്തിലെ 87ാം നമ്പർ അങ്കണവാടിക്ക് കെട്ടിട നിർമ്മാണത്തിനായി സ്ഥലം ലഭ്യമാകാത്തതിനാൽ ടി അങ്കണവാടിയെ പ്രസ്തുത ഭരണാനുമതി ഉത്തരവിൽ നിന്ന് ഒഴിവാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (WCD-1/54/2024-FIN {2722670})

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 05-04-2024 15:34:43

സെക്ഷൻ ഓഫീസർ